"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ഇരുമ്പകശ്ശേരി എ.യു.പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ശരണ്യ കെ.പി. ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) നം. 3927/2022-ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 12.07.2023-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.8181/2023/GEDN  തീയതി,തിരുവനന്തപുരം, 22-12-2023

---

പരാമർശം:-

1. പാലക്കാട് ഇരുമ്പകശ്ശേരി എ.യു.പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ശരണ്യ കെ.പി.യുടെ 31/12/2021 തീയതിയിലെ പുന:പരിശോധനാ ഹർജി(Ext. P9).
2. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 3927/2022-ന്മേലുള്ള 06.07.2022 തീയതിയിലെ വിധിന്യായം.
3. തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04/11/2023, തീയതിയിലെ സി/763/22 നമ്പർ കത്ത്.
4. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 07/11/2023, തീയതിയിലെ സി.ഇ.ഒ.ഒ.ടി. പി/731/23 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ഇരുമ്പകശ്ശേരി എ യു പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ശരണ്യ കെ പി ഫയൽ ചെയ്ത ഡബ്ല്യൂ. പി (സി) നം. 3927/2022-ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരി സർക്കാർ മുൻപാകെ ഫയൽ ചെയ്ത Ext. P9 (പരാമർശം 1) പുന:പരിശോധനാ ഹർജി ഹർജിക്കാരിയെയും നാലാം എതിർകക്ഷിയായ സ്കൂൾ മാനേജരെയും കേട്ട് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയുണ്ടായി. ആയത് പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം 7.11.2023-ൽ നേരിൽ കേട്ടു.

2. ഹർജിക്കാരിയുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

"പാലക്കാട് ജില്ലയിലെ ഇരുമ്പകശ്ശേരി എ.യു.പി.സ്കൂളിൽ 31.03.2023-ൽ ലഭ്യമായ ഒരു റിട്ടയർമെന്റ് ഒഴിവിൽ 15.7.2021 മുതൽ ശരണ്യ കെ.പി.യെ എൽ.പി.എസ്.എ. ആയി നിയമിച്ചു. തൃത്താല ഉപജില്ല വിദ്യാഭ്യാസ ഓഫീസർ പ്രസ്തുത നിയമനത്തിന് അംഗീകാരം നിരസിക്കുകയും, ആയത് ചോദ്യം ചെയ്ത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ അപ്പീൽ സമർപ്പിക്കുകയുമുണ്ടായി. തുടർന്ന് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ, എ.ഇ.ഒ. നിയമനം നിരസിക്കാൻ കണ്ടെത്തിയ കാരണങ്ങൾ ഒന്നും നിലനിൽക്കില്ല എന്നും നിയമനം ഒരു വ്യവസ്ഥാപിത ഒഴിവിൽ ആണെന്നും

നിയമനാംഗീകാരം നൽകാൻ കഴിയുന്നതാണെന്നും കണ്ടെത്തി. എന്നാൽ ഭിന്നശേഷി നിയമനം സംബന്ധിച്ച് റിട്ട് ഹർജിയിൽ 19808/2021 എന്ന കേസിൽ 23.9.2021-ൽ ഹൈക്കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ആകയാൽ നിയമനാംഗീകാരം പരിഗണിക്കാൻ കഴിയില്ല എന്നും, ഈ സാഹചര്യത്തിൽ അപ്പീൽ നിരസിച്ച് ഉത്തരവായി.

ഭിന്നശേഷി സംബന്ധിച്ച റിട്ട് ഹർജി നം.19808/2021-ൽ ഹൈക്കോടതി വിധി ചോദ്യം ചെയ്ത് സമർപ്പിച്ച റിട്ട് അപ്പീൽ നം.1725/2022 വിധിയുടെ അടിസ്ഥാനത്തിൽ 18.11.2018-നും 8.11.2021-നും ഇടയ്ക്ക് ഉണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് പ്രൊവിഷണൽ ആയി നിയമനാംഗീകാരം നൽകുന്നതിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരം നിയമനാംഗീകാരം നൽകുന്നതിന് സർക്കുലർ നം.ജെ.ആർ/1/502/2023-പൊ.വി.വ 01.11.2023-ൽ നിർദ്ദേശം പുറപ്പെടുവിച്ചു. തുടർന്ന് ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് വിവിധ കാരണങ്ങളാൽ ഇതിനോടകം തന്നെ നിരസിക്കപ്പെട്ട് കിടക്കുന്ന എല്ലാ നിയമനാംഗീകാര ഫയലുകളും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ അപ്പലേറ്റ് ഉത്തരവിന് കാത്തുനിൽക്കാതെ മറ്റു വിധത്തിൽ യോഗ്യമെങ്കിൽ നിയമനാംഗീകാരം നൽകി ഫയലുകൾ തീർപ്പാക്കണമെന്ന് ഡയറക്ടർ നിർദ്ദേശം നൽകി.

മേൽ സാഹചര്യത്തിൽ 15.7.2021 മുതലുള്ള ശരണ്യ കെ.പി.യുടെ നിയമനം അംഗീകരിക്കുന്നതിന് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു."

3. തൃത്താല ഉപജില്ല വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം ജില്ല വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ റിപ്പോർട്ട് ചുവടെ ചേർക്കും പ്രകാരമാണ്.

"ഇരുമ്പകശ്ശേരി എ.യു.പി.സ്കൂളിൽ ശ്രീമതി.രാജേശ്വരി വി. 31.3.2021-ന് സേവനത്തിൽ നിന്നും വിരമിച്ചതു മൂലം ഉണ്ടായ ഒഴിവിലേക്ക് ശ്രീമതി.ശരണ്യ കെ.പി, എൽ.പി.എസ്.ടി അദ്ധ്യാപികയായി 15.7.2021-ന് നിയമിച്ചത് അംഗീകരിക്കുന്നതിനായി മാനേജർ സമർപ്പിച്ച അപേക്ഷ 17.9.2021-ലെ സി/15205/2021 നമ്പർ ഉത്തരവ് പ്രകാരം താഴെ പറയുന്ന കാര്യങ്ങളാൽ തൃത്താല ഉപജില്ല വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ചിരുന്നു.

31.3.2021-ന് പ്രധാനാദ്ധ്യാപിക തസ്തികയിൽ നിന്നും ശ്രീമതി.രാജേശ്വരി വി. വിരമിച്ചതുമൂലം ഉണ്ടായ ഒഴിവിലേക്ക് 01.04.2021 മുതൽ പ്രധാനാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിക്കപ്പെട്ട ശ്രീമതി.റീന ജോർജ്ജ് കെ., യു.പി.എസ്.ടി തസ്തികയിൽ നിന്നാണ് പ്രൊമോഷൻ ആയത്. എന്നാൽ ശ്രീമതി.റീന ജോർജ്ജിന്റെ പ്രധാനാദ്ധ്യാപിക തസ്തികയിലെ നിയമനം തൃത്താല ഉപജില്ല വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ചിരിക്കുന്നതിനാൽ ആയതുമൂലം സംജാതമായ ഒഴിവ് വ്യവസ്ഥാപിതമല്ല.

01.04.2021 മുതൽ പ്രധാനാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിതയായ ശ്രീമതി.റീന ജോർജ്ജ് കെ. യു.പി.എസ്.ടി തസ്തികയിൽ നിന്നുമാണ് പ്രൊമോഷൻ ആയത്. പ്രസ്തുത നിയമനം അംഗീകരിക്കുകയാണെങ്കിൽ ഒഴിവ് വരുന്നത് യു.പി.എസ്.ടി തസ്തികയിലാണ്. എന്നാൽ ശ്രീമതി.ശരണ്യയെ നിയമിച്ചിരിക്കുന്നത് എൽ.പി.എസ്.ടി തസ്തികയിലാണ്.

01.06.2015 മുതൽക്ക് നിയമിച്ചിട്ടുള്ള ശ്രീമതി.റസീന സി.പി. (യു.പി.എസ്.ടി യോഗ്യതയുള്ള അദ്ധ്യാപിക) നിയമനാംഗീകാരം ഇല്ലാതെ സ്കൂളിൽ തുടരുന്നതായി കാണുന്നു. ശ്രീമതി.റസീനയെ നിയമിച്ചതിന് ശേഷമാണ് ശ്രീമതി.ശരണ്യയെ നിയമിച്ചിരിക്കുന്നത്. നിയമിതരായവരുടെ മുൻഗണനാക്രമം പാലിച്ച് മാത്രമേ അംഗീകാരവും നൽകാൻ സാധിക്കുകയുള്ളൂ.

ശ്രീമതി.ശരണ്യയെ നിയമിച്ചിരിക്കുന്നത് എൽ.പി.എസ്.ടി തസ്തികയിലാണ്. ആയതിനാൽ പ്രസ്തുത ഒഴിവ് വ്യവസ്ഥാപിതമല്ല.

കൂടാതെ, 18.11.2018 മുതലുള്ള നിയമനങ്ങൾ ഭിന്നശേഷി സംവരണം പാലിച്ചു മാത്രമേ അംഗീകരിക്കാൻ സാധിക്കുകയുള്ളൂ.

മേൽ വിഷയത്തിൽ ടി സ്കൂൾ മാനേജർ ഒറ്റപ്പാലം ജില്ല വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ച അപ്പീലിൽ താഴെ പറയുന്ന വസ്തുതകൾ കണ്ടെത്തിയിരുന്നു.

1.4.2019 മുതൽ 31.3.2021 വരെ എച്ച്.എം ആയിരുന്ന ശ്രീമതി.രാജേശ്വരി എൽ.പി.എസ്.ടി തസ്തികയിൽ നിന്നാണ് പ്രൊമോഷൻ ആയത്. എന്നാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20.2.2020-ലെ ജി1/45460/2019/ഡി.ജി.ഇ നമ്പർ ഉത്തരവ് പ്രകാരം യു.പി വിഭാഗത്തിൽ എച്ച്.എം-നെ നിലനിർത്തേണ്ടതായ ഡിവിഷൻ തസ്തികയിൽ ശ്രീ.അനീസ് ഇ.എസ്. എന്ന യു.പി.എസ്.ടി അദ്ധ്യാപകനെ അംഗീകാരം നൽകി നിലനിർത്തുകയും പ്രൊമോഷൻ ലഭിച്ച ശ്രീമതി.രാജേശ്വരി തന്മൂലം എൽ.പി വിഭാഗത്തിൽ തുടരുകയും ചെയ്തതായി മാനേജർ അറിയിച്ചിരുന്നു. ആയതിനാൽ ശ്രീമതി.രാജേശ്വരി 31.3.2021-ൽ വിരമിച്ച ഒഴിവ് വന്നത് എൽ.പി.യിൽ ആണ് എന്ന് സ്പഷ്ടമാണ്. ആയതിനാൽ എൽ.പി വിഭാഗത്തിൽ ഒഴിവ് വരുന്നില്ല എന്നുള്ള നിയമനം നിരസിച്ച ഉത്തരവിലെ കാരണം നിലനിൽക്കുന്നതല്ല.

01.04.2021 മുതൽ ശ്രീമതി.റീന.ജോർജ്ജ് (യു.പി.എസ്.ടി)-യെ എച്ച്.എം.ആയി പ്രൊമോഷൻ ലഭിച്ചപ്പോൾ യു.പി വിഭാഗത്തിൽ ഒരു ഒഴിവ് വരും എങ്കിലും യു.പി വിഭാഗത്തിൽ തസ്തികയും അംഗീകാരവുമില്ലാതെ നിൽക്കുന്ന ബി.എഡ് യോഗ്യതയുള്ളവരെയാണ് നിയമിക്കേണ്ടത്. അല്ലാതെ ഒരു എൽ.പി.എസ്.ടി.യെ അല്ല. 10 യു.പി.എസ്.ടി+1 എച്ച്.എം തസ്തിക അനുവദിച്ചതിൽ 12 യു.പി.എസ്.ടി+1എച്ച്.എം ജോലി ചെയ്യുന്നു. ആയതിനാൽ ശ്രീമതി.റീന ജോർജ്ജിന്റെ എച്ച്.എം നിയമനം അംഗീകരിക്കാത്തതിനാൽ ഒഴിവ് സ്പഷ്ടമല്ല എന്ന നിരസിച്ച ഉത്തരവിലെ കാരണവും നിലനിൽക്കുന്നതല്ല.

16.7.2021-ലെ സ്റ്റാഫ് ലിസ്റ്റ് പ്രകാരം നിയമനം അംഗീകരിക്കാതെ നിൽക്കുന്ന ശ്രീമതി.റസീന, ശ്രീ.അമൽ, ശ്രീമതി.ധന്യ എന്നിവർ ബി.എഡ് യോഗ്യതയുള്ള യു.പി.എസ്.ടി.മാരാണ്. എൽ.പി.എസ്.ടി യു.പി.എസ്.ടി എന്നിവ വ്യത്യസ്ത കാറ്റഗറി ആയതിനാലും ബി.എഡ്.കാരെ എൽ.പി.എസ്.ടി ആയി നിയമിക്കാൻ പറ്റില്ല എന്നതിനാലും സീനിയർ നിയമിതർക്ക് അംഗീകാരം ലഭിച്ചിട്ടില്ല എന്ന കാരണവും നിലനിൽക്കുന്നതല്ല.

ശ്രീമതി.രാജേശ്വരി, എച്ച്.എം 31.3.2021-ന് വിരമിച്ച ഒഴിവിലാണ് മാനേജർ നിയമന പ്രൊപ്പോസൽ നൽകിയത്. എന്നാൽ ശ്രീമതി.റീന ജോർജ്ജ് യു.പി.എസ്.ടി.യുടെ പ്രൊമോഷൻ ഒഴിവിൽ നിയമന രേഖകൾ മാറ്റി വാങ്ങിയതായി കാണുന്നു. എന്നാൽ നിയമനം നിരസിച്ച ഉത്തരവിൽ ശ്രീമതി.രാജേശ്വരി., എച്ച്.എം 31.3.2021-ന് വിരമിച്ച ഒഴിവിലാണ് നിയമനം എന്നും കാണുന്നു. വ്യവസ്ഥാപിതമായ ഒഴിവിൽ ആദ്യം സമർപ്പിച്ച നിയമനം അംഗീകരിക്കുന്നതിനാണ് മാനേജർ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്.

2019-20 തസ്തിക നിർണ്ണയ പ്രകാരം എൽ.പി.എസ്.ടി 7 തസ്തിക അനുവദിച്ചിട്ടുണ്ട്. നിയമന തീയതിയിലെ സ്റ്റാഫ് ലിസ്റ്റ് പ്രകാരം ശ്രീമതി.ശരണ്യ ഉൾപ്പെടെ 6 എൽ.പി.എസ്.ടി അദ്ധ്യാപകരാണ് റോളിലുള്ളത്. ആയതിനാൽ തസ്തികയും ഒഴിവും വ്യവസ്ഥാപിതമാണ് എന്ന് കാണുന്നു.

ആയതിനാൽ നിയമനം നിരസിച്ച കാരണങ്ങൾ ഒന്നും നിലനിൽക്കുന്നതല്ല എന്ന് കണ്ടെത്തിയിരുന്നു. എന്നാൽ 2021-22-ലെ നിയമന നടപടികൾ സ്റ്റേ ചെയ്തുകൊണ്ട് റിട്ട് ഹർജി നമ്പർ 19808/2021 കേസിൽ 23.8.2021 ബഹു കേരള ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ട്. സ്റ്റേ നീക്കിയിരുന്നില്ല. മേൽ സാഹചര്യത്തിൽ അപ്പീൽ പരിഗണിക്കാൻ നിർവ്വാഹമില്ലാത്തിനാൽ നിരസിച്ച് ഉത്തരവാകുകയുണ്ടായി.

ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് റോസ്റ്റർ സമർപ്പിക്കുന്നതിലെ വീഴ്ചയോ, മാനേജർമാർ സമർപ്പിക്കുന്ന റോസ്റ്ററിലെ അപാകതയോ തടസ്സമാകാതെ 18.11.2018-നും 8.11.2021-നും ഇടയ്ക്കുണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവരിൽ ഇനിയും നിയമനാംഗീകാരം നൽകാത്തവർക്ക് ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു.സുപ്രീം കോടതിയിലും ബഹു.ഹൈക്കോടതിയിലും നിലവിലുള്ള കേസുകളിലെ അന്തിമവിധിക്ക് വിധേയമായി മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ പ്രൊവിഷണലായി അംഗീകാരം നൽകുന്നതിന് 1.11.2023 തീയതിയിലെ പൊ.വി.വ-ജെ.ആർ 01/502/2023 നമ്പർ സർക്കുലറിൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്."

4. സർക്കാർ ഇക്കാര്യം ഹിയറിങ്ങ് സമയത്തെ വാദം, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ സർക്കാർ ഉത്തരവുകൾ ഹാജരാക്കപ്പെട്ട രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഇരുമ്പകശ്ശേരി എ.യു.പി.സ്കൂളിൽ 31.3.2021-ൽ ലഭ്യമായ ഒരു റിട്ടയർമെന്റ് ഒഴിവിലാണ് 15.7.2021 മുതൽ ശ്രീമതി.ശരണ്യ കെ.പി എൽ.പി.എസ്.ടി ആയി നിയമിതയായത്. വിവിധ കാരണങ്ങളാൽ തൃത്താല ഉപജില്ല വിദ്യാഭ്യാസ ഓഫീസറും, ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറും നിയമനാംഗീകാരം നിരസിച്ചു. എന്നാൽ 2019-20 തസ്തിക നിർണ്ണയ പ്രകാരം ശ്രീമതി.ശരണ്യ കെ.പി.ക്ക് നിലനിൽക്കുവാൻ തസ്തികയും ഒഴിവും വ്യവസ്ഥാപിതമാണെന്ന് ജില്ല വിദ്യാഭ്യാസ ഓഫീസർ കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് റോസ്റ്റർ സമർപ്പിക്കുന്നതിലെ വീഴ്ചയോ, മാനേജർമാർ സമർപ്പിക്കുന്ന റോസ്റ്ററിലെ അപാകതയോ തടസ്സമാകാതെ 18.11.2018-നും 8.11.2021-നും ഇടയ്ക്കുണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവരിൽ ഇനിയും നിയമനാംഗീകാരം നൽകാത്തവർക്ക് ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു.സുപ്രീംകോടതിയിലും ബഹു.ഹൈക്കോടതിയിലും നിലവിലുള്ള കേസുകളിലെ അന്തിമവിധിക്ക് വിധേയമായി മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ പ്രൊവിഷണലായി അംഗീകാരം നൽകുന്നതിന് 1.11.2023 തീയതിയിലെ പൊ.വി.വ-ജെ.ആർ 01/502/2023 നമ്പർ സർക്കുലറിൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

5. മേൽ സാഹചര്യത്തിൽ, ടി സർക്കുലറിന്റെ അടിസ്ഥാനത്തിലും, വ്യവസ്ഥാപിതമായ ഒഴിവ് നിലനിൽക്കുന്നുണ്ടെന്ന ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടും പരിഗണിച്ചുകൊണ്ട് പാലക്കാട് ഇരുമ്പകശ്ശേരി എ.യു.പി. സ്കൂളിലെ എൽ.പി.എസ്.ടി ശ്രീമതി.ശരണ്യ കെ.പി.ക്ക് ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീംകോടതിയിലും ബഹു.ഹൈക്കോടതിയിലും നിലവിലുള്ള കേസുകളിലെ അന്തിമവിധിക്ക് വിധേയമായി, മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ പ്രൊവിഷണലായി നിയമന തീയതിയായ 15.7.2021 മുതൽ അംഗീകാരം നൽകുന്നതിന് തൃത്താല ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, ടിയാൾ സർക്കാരിൽ ഫയൽ ചെയ്ത പരാമർശം 1 പുന:പരിശോധനാ ഹർജി (Ext.P9) തീർപ്പാക്കി, അപ്രകാരം ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീജ വി

അഡീഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൃത്താല.
മാനേജർ, എ.യു.പി. സ്കൂൾ, ഇരുമ്പകശ്ശേരി, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എ.യു.പി. സ്കൂൾ, ഇരുമ്പകശ്ശേരി, പാലക്കാട്.
ശ്രീമതി.ശരണ്യ. കെ. പി, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
എ.യു.പി. സ്കൂൾ, ഇരുമ്പകശ്ശേരി, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്),
തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 22-12-2023 16:00:28
സെക്ഷൻ ഓഫീസർ